Request

15.11.2019

തൃശ്ശൂർ

ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ശ്രീമതി ശൈലജ ടീച്ചർക്ക്,
(Room No: 216, 3rd floor, North Sandwich Block, Secretariat, തിരുവനന്തപുരം)
ശ്രീ യു ആർ പ്രദീപ് കുമാർ (മെമ്പർ ഓഫ് ലെജിസ്ലേറ്റീവ് അസംബ്ലി, ചേലക്കര നിയമസഭാമണ്ഡലം കേരളം)
മുഖാന്തിരം
ശ്രീ ദിനേശ് മേനോൻ പി, നമ്പർ 38 ,പുഴങ്കര വീട്, സിൽക്ക് ഹൗസിങ് കോംപ്ലക്സ്, പെരിങ്ങണ്ടൂർ പി ഓ, തൃശൂർ 680581 (ട്രസ്റ്റീ, ലൂപസ് ട്രസ്റ്റ് ഇന്ത്യ കടവന്ത്ര, കൊച്ചി) സമർപ്പിക്കുന്ന അപേക്ഷ:

മാഡം,

വിഷയം: എസ് എൽ ഇ അഥവാ ലൂപസ് എന്ന രോഗത്തെയും രോഗികളുടെ ചികിത്സയും വിവിധ സർക്കാർ അനുകൂല്യങ്ങളെയും സംബന്ധിച്ച്;

------------------------------------------

ലൂപസ് എന്ന രോഗം ബാധിച്ച ഒരു കൂട്ടം രോഗികൾ, ലൂപസ് രോഗികളുടെ ഉന്നമനത്തിനു വേണ്ടി ആരംഭിച്ചതാണ് ലൂപസ് ട്രസ്റ്റ് ഇന്ത്യ. ഇത് ഒരു പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് ആയി രജിസ്റ്റർ ചെയ്തിരിക്കുന്നു. ട്രസ്റ്റിലെ ഓരോ അംഗങ്ങളും ഈ രോഗം ബാധിച്ച വൃക്ക, കരൾ, തലച്ചോറ്, ശ്വാസകോശം, ഹൃദയം സംബന്ധമായ രോഗമുള്ളവരും, പലവിധ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവരും, രോഗത്തോട് ശക്തമായി പൊരുതുന്നവരുമാണ്. ഞങ്ങൾ ചികിത്സയ്ക്കായി സ്റ്റിറോയ്ഡ്, ഇമ്മ്യൂണോസപ്രെസന്റ്സ്, സൈക്ലോഫോസ്ഫമൈഡ്, തുടങ്ങിയ മരുന്നുകൾ ഉപയോഗിക്കുന്നവരുമാണ്. കേരളത്തിലെ ഒരുകൂട്ടം ലൂപ്പസ് രോഗികൾ തുടക്കമിട്ട ഈ സംരംഭത്തിൽ, ഇന്ന് രാജ്യമൊട്ടാകെയുള്ള രോഗികൾ അംഗങ്ങളാണ്. ഈ അപൂർവ രോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക, ജീവിതശൈലീ പരിഹാരങ്ങൾ നൽകുക എന്നിവയാണ് ട്രസ്റ്റിന്റെ മറ്റു ലക്ഷ്യങ്ങൾ.

എസ് എൽ ഇ അഥവാ ലൂപസ്:

എസ് എൽ ഇ അഥവാ സിസ്റ്റമിക് ലൂപസ് എരിത്തമറ്റോസിസ് എന്നത് വളരെ അപൂർവമായ ഒരു ഓട്ടോഇമ്മ്യൂൺ തീരാവ്യാധിയാണ്. ശരീരത്തിനെ രോഗാണുക്കളിൽ നിന്ന് പ്രതിരോധിക്കേണ്ട രോഗപ്രതിരോധവ്യവസ്ഥ സ്വന്തം ശരീരാവയവങ്ങളെ ആക്രമിക്കുന്നതാണ് ഓട്ടോഇമ്മ്യൂൺ രോഗങ്ങൾ. ഓട്ടോഇമ്മ്യൂണിറ്റി എന്നത് നമ്മുടെ പ്രതിരോധവ്യവസ്ഥയ്ക്കു ബാഹ്യമായ രോഗാണുക്കളെയും മറ്റു അണുബാധകളെയും, നമ്മുടെ തന്നെ ശരീരത്തിലെ നല്ല കോശങ്ങളെയും വേർതിരിച്ചു അറിയാൻ കഴിയാത്ത അവസ്ഥയാണ്. അതിന്റെ ഫലമായി നമ്മുടെ പ്രതിരോധവ്യവസ്ഥ നല്ല കോശങ്ങളെ ആക്രമിച്ച നശിപ്പിക്കുകയും ചെയ്യുന്നു. ലൂപസ് അത്തരത്തിലുള്ള ഒരു ഓട്ടോഇമ്മ്യൂൺ രോഗമാണ്. ഇത് അധികവും സന്ധികൾ, ത്വക്ക്, കരൾ, വൃക്കകൾ, ഹൃദയം, ശ്വാസകോശം, രക്തം, തലച്ചോറ് തുടങ്ങിയവ നശിപ്പിക്കുന്ന ഒരു രോഗമാണ്. ലൂപസ് ഭാഗീകമായോ പൂർണമായോ അവയവങ്ങൾക്ക് കേടുപാടുകൾ വരുത്തുന്നു, തുടർന്ന് മരണം വരെ സംഭവിക്കുന്നു. ഹൃദയാഘാതം, സ്ട്രോക്ക്, വൃക്ക പ്രവർത്തനരഹിതമാകുക തുടങ്ങിയവയാണ് മരണത്തിന് കാരണം ആകുന്നത്. ലൂപസ് രോഗത്തിന് പൂർണമായ രോഗശാന്തി എന്നത് ഇന്ന് ലോകത്തെവിടെയും കണ്ടുപിടിച്ചിട്ടില്ല, എങ്കിലും പലവിധ ഗവേഷണങ്ങൾ വിദേശരാജ്യങ്ങളിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോഴുള്ള ചികിത്സയുടെ ലക്ഷ്യം ശരീരത്തിലെ ഓട്ടോഇമ്മ്യൂൺ ആക്റ്റിവിറ്റിയും വീക്കവും കുറച്ചുകൊണ്ട് ശരീരാവയവങ്ങളെ സംരക്ഷിക്കുകയും രോഗലക്ഷണങ്ങളിൽ നിന്ന് ആശ്വാസം ലഭ്യമാക്കുക എന്നതുമാണ്. ഈ രോഗത്തിന്റെ പ്രത്യേകത കാരണം ചികിത്സാരീതി ഓരോ

രോഗിക്കും വ്യത്യസ്തമായിരിക്കും. ആന്തരിക അവയവങ്ങളെ സാരമായി ഈ രോഗം ബാധിച്ചിട്ടുണ്ടെങ്കിൽ നിരന്തര നിരീക്ഷണവും കൃത്യമായ ചികിത്സയും അത്യന്താപേക്ഷിതമാണ്.

എസ് ൽ ഇ അഥവാ ലൂപസ് എന്നത് 9:1 അനുപാതത്തിൽ മുഖ്യമായും സ്ത്രീകളിൽ കാണപ്പെടുന്ന ഒരു രോഗാവസ്ഥയാണ്. സാധാരണയായി പ്രത്യുത്പാദന കാലഘട്ടത്തിലാണ് ഇതിന്റെ കടന്നാക്രമണം ഉണ്ടാകുന്നത്, അതായത് 15 മുതൽ 45 വയസ്സിനിടയിലാണ് രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നത്. ഇന്ത്യയിൽ നിലവിൽ പത്തു ലക്ഷത്തിലധികവും കേരളത്തിൽ മുപ്പത്തിനായിരത്തിൽ പരം ആളുകൾക്കും ലൂപസ് ഉണ്ടെന്നു കണക്കാക്കപ്പെടുന്നു.

പ്രധാന ലക്ഷണങ്ങൾ:

ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന ശരീരവേദനയും, പേശീബലക്ഷയവും ഇടവിട്ടുള്ള പനിയും, ആന്തരിക അവയവങ്ങളെ ബാധിച്ചതുമൂലം മുഖത്തും കൈകാലുകളിലും കാണപ്പെടുന്ന നീർവീക്കവും, ജന്നി, കിതപ്പ്, മൂത്രത്തിൽ പത, രക്തം, തുടങ്ങിയവ സാധാരണമായ രോഗലക്ഷണങ്ങളാണ്. വൃക്ക, തലച്ചോറ്, കരൾ, ശ്വാസകോശം, ഹൃദയം, പ്ലീഹ, രക്തം, ത്വക്ക് തുടങ്ങി പ്രവചിക്കാനാവാത്ത വിധം ശരീരത്തിലെ ഏതൊരു അവയവത്തെയും ബാധിക്കാവുന്ന ഒരു രോഗമാണ് ലൂപസ്. ലൂപസ് രോഗം കണ്ടുപിടിക്കപ്പെടുന്ന അറുപതു ശതമാനം രോഗികളിലും വൃക്ക പോലെയുള്ള ആന്തരിക അവയവങ്ങളെ ബാധിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു.

രോഗനിർണ്ണയം എന്നത് വളരെ പ്രധാനമാണ്. എസ് എൽ ഇ എന്ന രോഗത്തെക്കുറിച്ചു സാധാരണക്കാർ അജ്ഞരാണ്. ഏതു അവയവത്തെ ആണോ രോഗം ആദ്യം ബാധിക്കുന്നത് ആ മെഡിക്കൽ ശാഖയുമായി ബന്ധപ്പെട്ടു രോഗി ചികിത്സ തേടുന്നു. അങ്ങനെ യഥാർത്ഥ രോഗനിർണ്ണയം വൈകുന്നു, ചികിത്സയുടെ രീതിയും മാറുന്നു. മെഡിക്കൽ രംഗത്ത് പ്രവർത്തിക്കുന്നവരുടെ ഇടയിൽ പോലും ഈ രോഗത്തെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടില്ല എന്നതും ശ്രദ്ധേയമാണ്. തന്മൂലം രോഗം മറ്റു അവയവങ്ങളെക്കൂടെ ബാധിക്കുകയും രോഗാവസ്ഥ കൈപ്പിടിയിൽ ഒതുങ്ങാതാവുകയും ചെയ്യുന്നു. മറ്റു പല രോഗങ്ങളുടേയും സമാന ലക്ഷണങ്ങൾ കാണിക്കുന്നതുമൂലം കൃത്യമായ രോഗനിർണയം വൈകുന്നതും ഈ രോഗത്തിനെ ഗൗരവമേറിയതാക്കുന്നു.

രോഗനിർണയം:

രോഗനിർണയത്തിനുള്ള ടെസ്റ്റുകളും തുടർന്നുള്ള ചികിത്സയും വളരെയധികം ചെലവേറിയതാണ്. സ്റ്റിറോയ്ഡ്, ഇമ്മ്യൂണോസപ്രെസ്സന്റ്സ്, കീമോതെറാപ്പി തുടങ്ങിയ ചികിത്സാരീതികളും ശസ്ത്രക്രിയകളും ഈ രോഗത്തെത്തുടർന്ന് ആവശ്യമായിത്തീരുന്നു. കീമോതെറാപ്പി മരുന്നായ സൈക്ലോഫോസ്ഫമൈഡ്, ബയോളജിക്കൽ മരുന്നുകളായ riutximab (മരുന്നിനു മാത്രം INR 1,60,000/-), belimumab (നിലവിൽ ഇന്ത്യയിൽ ലഭ്യമല്ല, എന്നിരുന്നാലും ഇറക്കുമതി ചെയ്താൽ 25 ലക്ഷത്തോളം രൂപയും ആകുന്നുണ്ട്). ദീർഘകാലം ചികിത്സ തുടർന്നാലും പൂർണ്ണമായ രോഗശാന്തി വിദൂരസ്വപ്നമായി അവശേഷിക്കുന്നു. ലൂപസ് രോഗികൾ മാസത്തിലൊരിക്കലെങ്കിലും നിർബന്ധമായും രക്തപരിശോധന ചെയ്യേണ്ടതുണ്ട്, എന്നാൽ രക്തപരിശോധനകളും (anti dsDNA, complement C3 തുടങ്ങിയ രക്തപരിശോധനകൾക്ക് 3000/- രൂപയിൽ കൂടുതൽ ആകും.) ഭീമമായ ചികിത്സാച്ചെലവുകൾ താങ്ങാൻ കഴിയാതെ പലരും ചികിത്സ പാതിവഴിയിൽ ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നു. തുടർന്ന് രോഗം സങ്കീർണമായി മരണം വരെ സംഭവിക്കുന്നു. പ്രതിരോധവ്യവസ്ഥയെ കുറയ്ക്കാനുള്ള മരുന്നുകൾ സ്ഥിരമായി കഴിക്കുകയാൽ ഇമ്മ്യൂണിറ്റി കുറയുകയും തൽഫലമായി ഇൻഫെക്ഷന്റെ സാധ്യത കൂടുകയും ചെയ്യുന്നു. ലൂപസ് രോഗിക്ക് പകർച്ചവ്യാധികൾ പോലെയുള്ള ഏതു രോഗവും പെട്ടെന്ന് പിടിപെടുന്നു. മരുന്നുകളുടെ പാർശ്വഫലം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ വളരെ ഗുരുതരവുമാണ്. ദിവസം മുഴുവൻ നീണ്ടു നിൽക്കുന്ന അസഹനീയമായ സന്ധിവേദനകൾ മുതൽ ത്വക്കിനെ പൊള്ളലേൽപ്പിക്കുന്ന മാരകമായ Toxic Epidermal Necrolysis വരെയുള്ള അവസ്ഥകൾ രോഗികളെ വിഷാദം പോലെയുള്ള മാനസികപ്രശ്നങ്ങളിലേക്കും അതുവഴി ആത്മഹത്യയിലേക്കും നയിക്കുന്നു.

ലൂപസ് ബാധിച്ചാൽ:

കൂടുതലായും സ്ത്രീകളിൽ കണ്ടുവരുന്ന ലൂപസ് രോഗം വിവാഹജീവിതത്തിനു മിക്കപ്പോഴും തടസ്സമുണ്ടാക്കുകയും; ഗർഭധാരണത്തിനുള്ള ബുദ്ധിമുട്ടുകളും ഗർഭം അലസലും കുടുംബജീവിതത്തിനു വിള്ളലുണ്ടാക്കുകയും ചെയ്യുന്നു. രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന പ്രായം ശ്രദ്ധേയമാണ്. വിദ്യാഭ്യാസത്തിലെ നിർണായക ഘട്ടവും കരിയറിന്റെ തുടക്കവും ആയിരിക്കുന്ന സമയത്തു മേൽവിവരിച്ച പ്രകാരമുള്ള രോഗങ്ങളും പേറി മത്സരമുഖങ്ങളോട് കിടപിടിച്ചു മുന്നേറുക എന്നത് ക്ലേശകരം തന്നെ. സ്ഥിരമായ ആരോഗ്യവൈകല്യം നിമിത്തം വിദ്യാർത്ഥികൾക്ക് പഠനകാര്യങ്ങളിലും ഉദ്യോഗസ്ഥർക്ക് ജോലിയിലും മികവ് പുലർത്താൻ കഴിയാതെ വരുന്നു. പലർക്കും അവരുടെ പഠനവും കരിയറും ഉപേക്ഷിക്കേണ്ടതായിപ്പോലും വരുന്നു. കഴിവുണ്ടായിട്ടും ലൂപസ് രോഗം മൂലം സാമൂഹികമായും സാമ്പത്തികമായും പിന്തള്ളപ്പെടുകയും, ഒരു രോഗിയെങ്കിലും ഒരു വീട്ടിൽ ഉണ്ടെങ്കിൽ ആ കുടുംബത്തിന്റെ മുഴുവൻ സാമ്പത്തികസ്ഥിതി താറുമാറാകുകയും ചെയ്യുന്നു.

ചികിത്സയ്ക്കുള്ള നിലവിലെ സാഹചര്യം:

ലൂപസ് രോഗനിർണയവും ചികിത്സയും ശ്രമകരമായതാണ്. രോഗം നിര്ണയിച്ചുകഴിഞ്ഞാൽ രോഗിയുടെ അവസ്ഥ മനസ്സിലാക്കി സ്റ്റിറോയ്ഡ്, ഇമ്മ്യൂണോസപ്പ്രെസന്റ്സ്, കീമോതെറാപ്പി തുടങ്ങിയ ചികിത്സാരീതികളും ശസ്ത്രക്രിയകളും ആവശ്യമായി വരുന്നു. ഇതെല്ലാം നിലവിൽ സ്വകാര്യ ആശുപത്രികളിൽ ആണ് ലഭ്യമാവുന്നത്. ഇത് ഒരു രോഗിയെയും കുടുംബത്തെയും കടക്കെണിയിലേക്കു തള്ളിവിടുന്നു. ഭീമമായ ചികിത്സാച്ചെലവുകൾ താങ്ങാൻ കഴിയാതെ പലരും ചികിത്സ പാതിവഴിയിൽ ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നു. തുടർന്ന് രോഗം സങ്കീർണമായി മരണം വരെ സംഭവിക്കുന്നു. മേൽപ്പറഞ്ഞ രോഗനിർണയവും അതിന്റെ ചികിത്സാരീതിയും ജില്ലാ ആശുപത്രികളിൽ പോലും ലഭ്യമല്ല എന്നത് തികച്ചും ഖേദകരമാണ്. ലൂപസ് ഗുരുതരമായ ഒരു അസുഖമാണെന്നും രോഗികൾക്ക് നിത്യപരിചരണം ആവശ്യമാണെന്നുമുള്ള തിരിച്ചറിവ് രോഗിയുടെ കുടുംബത്തിലും സമൂഹത്തിലും വളർത്തിയെടുക്കേണ്ടതുണ്ട്.

രോഗികൾക്ക് ചികിത്സാസഹായവും ഉപജീവനമാർഗവും ലഭ്യമാക്കുവാൻ നിർണായകമായ ചുവടുവെപ്പുകൾ നമ്മുടെ സർക്കാരിന്റെ ഭാഗത്തുനിന്നും ഉറപ്പു വരുത്തേണ്ടതുണ്ട്. ആവശ്യമായ മരുന്നുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് താഴെ പറയുന്ന അഭ്യർത്ഥനകൾ പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

- ലൂപസ് രോഗികളെ ക്രിട്ടിക്കൽ ഇൽനെസ്സ് കാറ്റഗറിയിൽ ഉൾപ്പെടുത്തി അതുവഴി ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുവാൻ അനുമതി ഉണ്ടാകണം.(നിലവിൽ ലൂപസ് രോഗത്തിന് ഒരുവിധ ഇൻഷുറൻസ് പരിരക്ഷയും ലഭ്യമല്ല)

- സുപ്രധാന അവയവങ്ങളെ ബാധിക്കുന്നതും മാസംതോറും ചികിത്സയ്ക്കും രക്തപരിശോധനകൾക്കും ഭീമാകാരമായ ചെലവ് വരുന്നതുമായ ലൂപസ് രോഗത്തെ ബി പി എൽ കാർഡിൽപ്പെട്ട രോഗികൾക്ക് ലഭിക്കുന്ന അതേ പരിഗണന എല്ലാ സർക്കാർ ആശുപത്രിയിലും ലഭ്യമാക്കുന്നതിന് വേണ്ടി CHIAK/RSBY/Ayushman Bharat/കേരള ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലൂപസിന് പ്രത്യേക പരിഗണന കൊടുക്കുവാൻ അനുമതി ഉണ്ടാകണം.

- ലൂപസ് രോഗത്തിനുള്ള മരുന്നുകൾ ഓർഫൻ ഡ്രഗ് ലിസ്റ്റിൽ ഉൾപ്പെടുത്തി സബ്സിഡി ലഭ്യമാക്കുവാൻ അനുമതി ഉണ്ടാകണം.

- രോഗികളെ "ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റി" യിൽ (The Rights of Persons with Disabilities) ഉൾപ്പെടുത്തുവാൻ അനുമതി ഉണ്ടാകണം.

- ആഴ്ചയിൽ ഒരു ദിവസം കുടുംബാരോഗ്യ കേന്ദ്രങ്ങളിലോ ജില്ലാ ആശുപത്രിയിലോ സമഗ്ര റുമറ്റോളജി അല്ലെങ്കിൽ ലൂപസ് മാനേജ്മന്റ് ക്ലിനിക്കുകൾ പ്രവർത്തിപ്പിക്കുവാൻ അനുമതി ഉണ്ടാകണം.

- കാരുണ്യ ഫാർമസി വഴി മരുന്നുകളും മറ്റും സൗജന്യനിരക്കിൽ ലഭ്യമാക്കുവാൻ അനുമതി ഉണ്ടാകണം.

- കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ഉൾപ്പെടുത്തി പ്രതിമാസം പെൻഷൻ ലഭ്യമാക്കുവാൻ അനുമതി ഉണ്ടാകണം.

മേൽപറഞ്ഞ രോഗത്തിന്റെ കാഠിന്യം പരിഗണിച്ച്, അപൂർവവും മാരകവുമായ ലൂപസ് രോഗത്തിന് നിലവിൽ മറ്റുള്ള സമാനമായ രോഗത്തിന് ലഭിക്കുന്ന സർക്കാർ സൗജന്യചികിത്സയും സാമ്പത്തിക ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനുവേണ്ടി വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്ന്,

ദിനേശ് മേനോൻ പി (ട്രസ്റ്റീ ലൂപസ് ട്രസ്റ്റ് ഇന്ത്യ)
പുഴങ്കര ഹൗസ് ,
പ്ലോട്ട് നമ്പർ 38,
സിൽക് ഹൗസിംഗ് കോംപ്ലക്സ്,
പെരിങ്ങണ്ടൂർ,
തൃശ്ശൂർ 680 581

Response

3781/VIP/M(H,SJ, W&C)/19

കെ. കെ. ശൈലജ ടീച്ചർ
ആരോഗ്യവും സാമൂഹ്യനീതിയും
വനിതാശിശു വികസനവും വകുപ്പ് മന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം
തീയതി 22/11/19

പ്രിയപ്പെട്ട എം .എൽ. എ ,

സിസ്റ്റമിക്ക് ലൂപസ് എരിത്തമറ്റോസിസ് രോഗം സൗജന്യ വിദഗ്ദ്ധ ചികിത്സ സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് താങ്കൾ നൽകിയ പരാതി / നിവേദനം അടിയന്തിര പരിഗണനയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു .

സ്നേഹപൂർവ്വം

കെ. കെ. ശൈലജ ടീച്ചർ

To

ശ്രീ. യു. ആർ. പ്രദീപ് എം. എൽ. എ
ചേലക്കര

3781/VIP/M(1,SJ, W&C)/19

തിരുവനന്തപുരം

- തീയതിയിച്ച. 19

കെ. കെ. ശൈലജ ടീച്ചർ ആരോഗ്യവും സാമൂഹ്യനീതിയും വനിതാശിശു വികസനവും വകുപ്പ് മന്ത്രി

കേരള സർക്കാർ

പ്രിയപ്പെട്ട എം .എൽ. എ ,

സിസ്റ്റമിക്ക് ലൂപസ് എരിത്തമറ്റോസിസ് രോഗം സൗജന്യ വിദഗ്ധ ചികിത്സ സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് താങ്കൾ നൽകിയ പരാതി / നിവേദനം അടിയന്തിര പരിഗണനയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു .

സ്നേഹപൂർവ്വം

കെ. കെ.

ശൈലജ ടീച്ചർ

T O

ശ്രീ. യു. ആർ. പ്രദീപ് എം. എൽ. എ

ചേലക്കര